LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് സ്കൂൾ

42(1094) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര മാനേജ്മെന്റ് സ്കൂളുകൾ ഏറ്റെടുത്തു; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ എത്ര എയ്ഡഡ് സ്കൂളുകൾ ഏറ്റെടുത്തിട്ടുണ്ട്; എന്തടിസ്ഥാനത്തിലാണ് ഏറ്റെടുത്തതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

പൊതുജന സമ്പർക്ക പരിപാടി

43(1095) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നു എന്നറിയിക്കാമോ; ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ ഇവയിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചു നൽകിയിട്ടുണ്ടോ;

(സി) പ്രഖ്യാപിക്കപ്പെട്ടവയിൽ ഇനിയും നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തവയായി എത്ര പദ്ധതികൾ ഉണ്ട്; വിശദാംശം നല്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്കോൾ കേരള

44(1097) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂൾ സ്കോൾ കേരളയായി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്ന ആളുകളെ സ്കോൾ കേരളയിൽ നിയമിക്കുവാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാറ്റം വരുത്തിയിരിക്കുന്ന ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) അഡ്വക്കേറ്റ് എസ്. കെ. ബെൻഡാർവിൻ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുൻപാകെ സമർപ്പിച്ച പരാതി വിജിലൻസ് വകുപ്പ് മുഖേന ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

45(1098) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികളുടെ ഉന്നമനത്തിനായി മിനിമം വേജസ് അഡ്വൈസറി ബോർഡ് സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്ത നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കുടുംബശ്രീയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത് നേട്ടം ഉണ്ടാകും; ഇതിലൂടെ അവസരം നഷ്ടപ്പെടുന്ന സ്കൂൾ പാചക തൊഴിലാളികളെ സംരക്ഷിക്കാൻ എന്ത നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പാചക തൊഴിലാളികൾക്ക് കുറഞ്ഞത് പ്രതിമാസം 15000 രൂപ ലഭിക്കത്തക്കവണ്ണം വേതനം പുതുക്കി നിശ്ചയിക്കുമോ;

(ഡി) സ്കൂൾ പാചക തൊഴിലാളികൾക്ക് നൽകുന്ന വേതനം ഉൾപ്പടെ എല്ലാ ഇടപാടുകളും ബാങ്ക് വഴി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly